നമ്പർ 001/2021

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് 2021 ജൂൺ മാസം 10-ാം തീയതി പുറപ്പെടുവിച്ച 108/2021-ാം നമ്പർ കൽപനയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം 2021 ഒക്ടോബർ മാസം 14-ാം തീയതി പരുമലയിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗതീരുമാനപ്രകാരം പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട ബലഹീനനായ നാം 2021 ഒക്ടോബർ മാസം 14-ാം തീയതി മുതൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുക്കുകയുണ്ടായി. അന്നേദിവസംതന്നെ പരുമല സെമിനാരിയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാന പ്രകാരം, 2021 ഒക്ടോബർ മാസം 15-ാം തീയതി നമ്മുടെ പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷ പരുമല സെമിനാരിയിൽവച്ച് നടത്തപ്പെടുകയും ചെയ്തു. മേൽ വിവരിച്ച കാര്യങ്ങൾ മാധ്യമങ്ങൾ മുഖേന നിങ്ങളേവരും അറിയുകയും, സ്ഥാനാരോഹണ ശുശ്രൂഷയിൽ നിങ്ങളിൽ പലരും സംബന്ധിക്കുകയും ചെയ്തിരിക്കുമല്ലോ.

നമ്മുടെ പിതാവായ പ. മാർത്തോമ്മാ ശ്ലീഹായെ നമ്മുടെ കർത്താവ് ഭാരതത്തിലേക്ക് അയച്ച് നമുക്ക് നൽകിയ സത്യവും ദിവ്യവുമായ വിശ്വാസം, നമ്മുടെ പൂർവ്വിക പിതാക്കന്മാർ ഏറെ വൈഷമ്യങ്ങൾ നേരിടേണ്ടിവന്നിട്ടും അടിപതറാതെ സംരക്ഷിച്ചുപോന്നു. ഇന്ന് ആ വിശ്വാസ സംരക്ഷണം നിങ്ങൾ ഏവരുടേയും, ബലഹീനനായ നമ്മുടെയും കരങ്ങളിൽ വന്നിരിക്കുകയാണ്. പ. സഭയുടെ സത്യവിശ്വാസവും, പാരമ്പര്യങ്ങളും അപ്പോസ്തോലിക പൈതൃകവും യാതൊരു കോട്ടവും കൂടാതെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസംരക്ഷിക്കുവാൻ നാമേവരും പ്രതിജ്ഞാബദ്ധരാണ്. പ. സഭയുടെ വിശ്വാസവും, പാരമ്പര്യവും, ആചാരാനുഷ്ഠാനങ്ങളും കൂടുതൽ പ്രശോഭിപ്പിച്ച് മുമ്പോട്ട് കൊണ്ടുപോകുവാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. ആയതിന് ദൈവം നമുക്ക് കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ 11 വർഷക്കാലം പ. സഭയ്ക്ക് ശ്രേഷ്ഠവും സുധീരവുമായ നേതൃത്വം നൽകി സഭയെ പുരോഗതിയിലേക്ക് നയിച്ച നമ്മുടെ മുൻഗാമി പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് നമ്മെ വിട്ടുപിരിഞ്ഞു എങ്കിലും ആ പിതാവിന് നാമോരോരുത്തരുടെയും ഹൃദയത്തിലുള്ള സ്ഥാനം അദ്വിതീയമാണ്. പ. പിതാവിന്റെ സേവനവും, ശുശ്രൂഷയും, നേതൃത്വവും, പ്രാർത്ഥനാ ജീവിതവും നമുക്ക് ആർക്കുംതന്നെ വിസ്മരിക്കുവാൻ സാധ്യമല്ലാത്ത വിധം ശ്രേഷ്ഠവും മഹത്തരവും ആണ്.

(മറുപുറം)

കർത്താവിൽ പ്രിയരേ,
നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും കൂടാതെ മഹത്തായ ഈ നിയോഗവും ശുശ്രൂഷയും നിർവ്വഹിപ്പാൻ നമുക്ക് കഴിയുന്നതല്ല. സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാത്തവനും കുറ്റമില്ലാത്തവനും സത്യവചനത്തെ ശരിയായി പഠിപ്പിക്കുന്നവനും ദൈവജനത്തിനുവേണ്ടി നിരന്തരം അപേക്ഷിക്കുന്നവനുമായിരിപ്പാൻ നിങ്ങൾ നമുക്കുവേണ്ടി പ്രാർത്ഥിക്കണം. സഭാ മക്കളായ നിങ്ങൾ ഏവരുടേയും പ്രാർത്ഥനകളും സഹായസഹകരണങ്ങളും മുടക്കം കൂടാതെ ലഭിക്കുമെന്ന് നാം പ്രത്യാശിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 ഒക്ടോബർ മാസം 15 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.